**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - സ്പോർട്സ് ക്വാട്ടയിൽ ക്ലാർക്ക് തസ്തികയിൽ സൂപ്പർന്യൂമററിയായി നിയമിക്കപ്പെട്ട ശ്രീമതി.ദിവ്യാ ജോർജ്ജിനെ റഗുലർ തസ്തികയിൽ അബ്സോർബ് ചെയ്യുന്നതിന് നടപടി സ്വീകരിക്കാൻ എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള പഞ്ചായത്ത് ഡയറക്ടറുടെ നടപടി ക്രമങ്ങൾക്ക് സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (സാധാ ) നം.**2294/2016/**തസ്വഭവ                    തീയതി, തിരുവനന്തപുരം, 29/07/2016

---

പരാമർശം : 1. സ.ഉ(എം.എസ്) നം 127/06/ പൊഭവ തീയതി 20/05/2006
2. പഞ്ചായത്ത് ഡയറക്ടറുടെ 12.2.15 ലെ ഇ 6-16383/12 നമ്പർ നടപടിക്രമങ്ങൾ
3. പഞ്ചായത്ത് ഡയറക്ടറുടെ 12.2.15 ലെ ഇ 6-16383/12 നമ്പർ കത്ത്
4. ശ്രീമതി.ദിവ്യാ ജോർജ്ജിന്റെ 03.06.14 ലെ അപേക്ഷ

**ഉത്തരവ്**

സ്പോർട്സ് ക്വാട്ടയിൽ എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിൽ ക്ലാർക്ക് തസ്തികയിൽ സൂപ്പർന്യൂമററിയായി നിയമിക്കപ്പെട്ട ശ്രീമതി.ദിവ്യാ ജോർജ്ജിനെ റഗുലർ തസ്തികയിൽ ആഗിരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കാൻ എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 പ്രകാരം പുറപ്പെടുവിച്ച നടപടി ക്രമങ്ങൾക്ക് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ട് പരാമർശം 3 പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചു.

2. ശ്രീമതി.ദിവ്യാ ജോർജ്ജ് 25/03/2013 ൽ എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ സ്പോർട്സ് ക്വാട്ട നിയമനത്തിലൂടെ സൂപ്പർന്യൂമററിയായി ക്ലാർക്ക് തസ്തികയിൽ നിയമിതയായി. ശ്രീമതി.ദിവ്യാ ജോർജ്ജിന് 17/10/2013 ൽ 35 വയസ് പൂർത്തിയായെങ്കിലും സജീവ കായിക രംഗത്ത് നിന്നും പിൻമാറാൻ ആഗ്രഹിച്ച് അപേക്ഷ സമർപ്പിച്ചത് പരാമർശം 4 പ്രകാരം മാത്രമാണ്. ഇതിനിടെ ശ്രീമതി.ദിവ്യാ ജോർജ്ജിനെ റഗുലർ തസ്തികയിൽ അബ്സോർബ് ചെയ്യാൻ എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ നിയുക്തപ്പെടുത്തിക്കൊണ്ട് പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 പ്രകാരം ഉത്തരവായി. മേൽ നടപടിക്രമങ്ങൾ സാധൂകരിക്കണമെന്നാണ് പഞ്ചായത്ത് ഡയറക്ടർ ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നത്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1 ഉത്തരവ് പ്രകാരം സ്പോർട്സ് ക്വാട്ട വഴി നിയമനം ലഭിച്ചവർക്ക് മേൽ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, റഗുലർ തസ്തികയിൽ ആഗിരണം ചെയ്യുന്നതിന് കാലതാമസം നേരിട്ടാൽ പ്രസ്തുത കാലയളവ് ക്രമവൽക്കരിക്കുന്നതിന് സർക്കാർ അനുമതി ആവശ്യമാണെന്ന് വ്യക്തമാക്കുന്നുണ്ട്.

4. മേൽ സാഹചര്യത്തിൽ സ്പോർട്സ് ക്വാട്ടയിൽ എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിൽ ക്ലാർക്ക് തസ്തികയിൽ സൂപ്പർന്യൂമററിയായി നിയമിക്കപ്പെട്ട ശ്രീമതി ദിവ്യാ ജോർജ്ജിനെ റഗുലർ തസ്തികയിൽ അബ്സോർബ് ചെയ്യുന്നതിന് നടപടി സ്വീകരിക്കാൻ എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം 2 പ്രകാരമുള്ള നടപടി ക്രമങ്ങൾക്ക് സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീകല.സി.എസ്**
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ശ്രീമതി. ദിവ്യാ ജോർജ്ജ്, ക്ലാർക്ക്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ്, എറണാകുളം
പൊതുഭരണവകുപ്പ് ( 21.03.2016 ലെ എസ്.ഡി1/20/2016/പൊഭവ നമ്പർ കുറിപ്പ്)
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ.ബി.എ & എ) കേരള
ഡയറക്ടർ, ഐ. കെ. എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(ഇപിഎ 1/145/2015/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ